"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്- റവന്യൂ റിക്കവറി- എറണാകുളം ജില്ലയിൽ 2023/15952/07 നമ്പർ ആർ.ആർ.സി.യിൽ ശ്രീമതി കൃഷ്ണപ്രിയയിൽ നിന്ന് വസൂലാക്കിയ കടിശ്ശികതുക തെറ്റായി 0029-00-800-92 എന്ന ശീർഷകത്തിൽ അടവാക്കിയത്, പ്രസ്തുത ശീർഷകത്തിൽ നിന്നു തന്നെ റീഫണ്ട് ചെയ്ത് നൽകുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.1127/2026/RD തീയതി,തിരുവനന്തപുരം, 18-06-2026

---

പരാമർശം:- ലാൻഡ് റവന്യൂ കമ്മീഷണറുടെ 30.04.2026ലെ LR/3594/2026-FB(A9) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിൽ, 2023/15952/07 നമ്പർ ആർ ആർ സിയിൽ, ശ്രീമതി കൃഷ്ണപ്രിയയിൽ നിന്നും ബാങ്ക് ലോൺ ഇനത്തിലുള്ള കടിശ്ശിക തുകയിൽ വസൂലാക്കിയ 1,40,830/- രൂപ, തെറ്റായി 0029-00-800-92-00-0000-NV OTHER ITEMS എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ സർക്കാർ വരവായി ക്രെഡിറ്റ് ചെയ്യപ്പെട്ടിരുന്നത് റീഫണ്ട് ചെയ്യണമെന്ന് പരാമർശിത കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ആവശ്യപ്പെട്ടിരുന്നു.

2. കുടിശ്ശിക കക്ഷിയായ ശ്രീമതി കൃഷ്ണപ്രിയയ്ക്ക് 2023/15952/07 നമ്പർ ആർ ആർ സിയിലെ ബാങ്ക് ലോൺ കുടിശ്ശിക, ഗഡുക്കളായി ഒടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. ആയതു പ്രകാരം ടിയാൾ കുടിശ്ശിക തുക, കളക്ഷൻ ചാർജ്ജും ഡിമാന്റ് നോട്ടീസ് ഫീയും ഉൾപ്പെടെ ഒടുക്കിയിരുന്നുവെന്നും, എന്നാൽ കുടിശ്ശിക തുകയ്ക്കുള്ള ഡിഡി ബാങ്കിന്റെ പേരിൽ എടുത്തു നൽകുന്നതിന് പകരം സ്പെഷ്യൽ തഹസീൽദാർ (ആർ ആർ) കൊച്ചി എന്ന പേരിൽ തെറ്റായി നൽകിയതിനാൽ, ടി തുക 0029-00-800-92-00-0000-NV OTHER ITEMS എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ സർക്കാരിലേയ്ക്ക് വരവു വച്ചിട്ടുള്ളതാണെന്നും, ആയതിനാൽ ഈ തുകയിൽ കളക്ഷൻ ചാർജ്ജും, ഡിമാന്റ് നോട്ടീസ് ഫീയും ഒഴികെ ബാക്കി 1,40,830/-രൂപ ബാങ്കിന്റെ അക്കൗണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്യേണ്ടതാണെന്നും കമ്മീഷണർ അറിയിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023/15952/07 നമ്പർ ആർ ആർ സിയിൽ ശ്രീമതി കൃഷ്ണപ്രിയയിൽ നിന്നും 0029-00-800-92-00-0000-NV OTHER ITEMS എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേയ്ക്ക് തെറ്റായി കളക്ട് ചെയ്ത 1,40,830/-രൂപ, പ്രസ്തുത ശീർഷകത്തിൽ നിന്നു തന്നെ റീഫണ്ട് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. കൂടാതെ, ഭരണാനുമതി ഉത്തരവ് സഹിതം ട്രഷറി ആപ്ലിക്കേഷനിലെ 'റീഫണ്ടു മാസ്റ്ററിൽ' ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത തുക ഒടുക്കൽ സംബന്ധിച്ച വിശദാംശങ്ങൾ ട്രഷറിയിൽ സമർപ്പിക്കണമെന്നും അതോടൊപ്പം BIMS കൈകാര്യം ചെയ്യുന്ന ഒരു അനുയോജ്യ ഡി. ഡി. ഒ. യെ പ്രസ്തുത റീഫണ്ടു

നടപടികൾ സ്വീകരിക്കുന്നതിനായി ചുമതലപ്പെടുത്തണമെന്നും കൂടി ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എൻ സി സന്തോഷ്

ജോയിന്റ് സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, എറണാകുളം.

ധനകാര്യ വകുപ്പ്(22.05.2026ലെ 3505328/EXP-D1/269/2026-FIN നമ്പർ റിമാർക്സ് പ്രകാരം)

ഡയറക്ടർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ്.(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Misha C P
Date: 18-06-2026 16:55:52

സെക്ഷൻ ഓഫീസർ

പകർപ്പ്:- റവന്യൂ (എച്ച്) വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ. യ്ക്ക്.

റവന്യൂ (എച്ച്) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിക്ക്.